# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ഉള്ളടക്കം


1 ആമുഖം

2 സ്ക്കൂൾ വികസന സാധ്യതകൾ

3 വികസന പദ്ധതിയുടെ ലക്ഷ്യം

4 സ്ക്കൂൾ ചരിത്രം

5 വിദ്യാലയത്തിന്റെ നേട്ടങ്ങൾ

6 വിദ്യാലയത്തിന്റെ പരിമിതികൾ

7 വിദ്യാലയം - മികവിന്റെ കേന്ദ്രം

8 മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

9 വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ - അക്കാദമിക ഭൗതിക സാമൂഹിക തലങ്ങളിൽ

10 തനതു പ്രവർത്തനങ്ങൾ

11 ഉപസംഹാരം

# ആമുഖം

വർത്തമാന കാലത്തിൽ മനുഷ്യന് നഷ്ടമായിക്കൊണ്ടിരിക്കുന്ന മാനവശേഷി, മാനവികത, ദൈവികത തുടങ്ങിയവയെ പുനഃപ്രതിഷ്ഠിച്ച് ലക്ഷ്യമില്ലാതുഴലുന്ന മനുഷ്യ സമൂഹത്തിനെ അറിവിന്റെ പാതയിലേക്കും സന്മാർഗ്ഗത്തിലേക്കും നയിക്കാനുള്ള പ്രാഥമികതല പ്രവർത്തനങ്ങളാണ് ഈ വിദ്യാലയം വിഭാവനം ചെയ്യുന്നത്. ആർഷഭാരത സംസ്ക്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് നാളത്തെ പൗരന്മാരെ രൂപപ്പെടുത്താൻ ഇവിടത്തെ വിദ്യാർത്ഥികളും അധ്യാപകരും മാനേജ്മെന്റും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും കൈകോർക്കുന്നു. നല്ലൊരു നാളേക്കു വേണ്ടി. ......

# സ്ക്കൂൾ വികസന സാധ്യതകൾ

* സർക്കാർ തലത്തിൽ ന്യൂനപക്ഷസ്ഥാപനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കൽ
* MLA, MP ഫണ്ട് അനുവദിക്കൽ
* Smart Room Class കളുടെ നവീകരണം
* അടുക്കള നവീകരണം
* കോർപ്പറേഷൻ ധനസഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
* LKG, UKG നവീകരണം

# ലക്ഷ്യം

തന്റെ ചുറ്റുപാടുകളോട് പ്രതികരിച്ചും രക്ഷിതാക്കളും മറ്റുള്ളവരുമായി ഇടപഴകിയും രൂപീകരിക്കുന്ന വിശ്വാസങ്ങളുടേയും ധാരണകളുടേയും അടിത്തറയിൽ നിന്നുകൊണ്ട് വിദ്യലയത്തിൽ നിന്നു നേടുന്ന ഔപചാരിക വിദ്യാഭ്യാസം വഴി അവയെ ശാസ്ത്രീയ ധാരണകളാകുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. ഈ ഘട്ടത്തിൽ കുട്ടിയുടെ സമഗ്രവികസനത്തിന് അനുകൂലമായ സാഹചര്യം ഒരുക്കേണ്ടത് വിദ്യാലയമാണ്.

പഠിതാക്കളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള പഠനരീതിയാണ് ഈ വിദ്യാലയം ലക്ഷ്യം വയ്ക്കുന്നത്. ഒരോ കുട്ടിയും വിഹരിക്കുന്ന ഇടങ്ങൾ വ്യത്യസ്തമാണ്. അവരുടെ അനുവഭവങ്ങളും വ്യത്യസ്തമാണ്. അതിനാൽ അവർ ലോകത്തെ നോക്കികാണുന്നതും വ്യത്യസ്തരീതിയിലാണ്. അതിനാൽ കുട്ടികളുടെ വീക്ഷമകോണിലൂടെ നോക്കി മാത്രമേ പഠനരീതികൾ ആവിഷ്ക്കരിക്കാവൂ. സമൂഹത്തിലെ സാധരണക്കാരായ കുറച്ചുപേരുടെ മക്കൾ പഠിക്കുന്ന ഒരു വിദ്യാലയമാണ് തരകൻസ് എൽ.പി. സ്ക്കൂൾ. കുട്ടികളിലെ വ്യത്യസ്തതകൾ മനസ്സിലാക്കി അവർക്ക് പൊതുവായും വ്യക്തിഗതമായും അറിയാനും അർത്ഥം കൽപിക്കാനും കഴിയുന്ന കാര്യങ്ങളെ ആധാരമാക്കി ക്ലാസ്മുറിയിൽ അറിവ് നിർമ്മാണ പ്രക്രിയ വികസിപ്പിച്ച് വിജ്ഞാനസമ്പത്തിന് കുട്ടിയെ പ്രാപ്തമാക്കുന്ന രീതിയിൽ വിദ്യാലയ അന്തരീക്ഷത്തെ രൂപപ്പെടുത്തലാണ് ഈ മാസ്റ്റർ പ്ലാൻകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് അധ്യാപകരും വിദ്യാർത്ഥികളും മാത്രം പോരാ എന്ന തിരിച്ചറിവോടെ മാനേജ്മെന്റും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും വിവിധ ക്ലബ്ബുകളും സംഘടനകളും വായനശാലകളും കൈകോർത്തുകൊണ്ട് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. വിദ്യാലയത്തിന്റെ ഭൗതിക പുരോഗതിയോടൊപ്പം അക്കാദമിക രംഗത്തെ

വിജ്ഞാന വിസ്ഫോടനത്തിനും ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നു. സമീപഭാവിയിൽ പുതിയ സ്ക്കൂൾ കെട്ടിടത്തിലേക്ക് പ്രവേശിക്കാനുള്ള എല്ലാ പിന്തുണയും മാനേജ്മെന്റ് കമ്മറ്റി നല്കിയിരിക്കുകയാണ്. ഉന്നത നിലവാരമുള്ള ക്ലാസ്മുറികളോടൊപ്പം ആധുനിക പഠന നിലവാര സാങ്കേതിക വിദ്യകൾകൂടി ഒരുക്കാൻ ലക്ഷ്യമിടുന്നു.

പ്രൈമറി തലത്തിലുള്ള കുട്ടികൾ മൂർത്തമായ അനുഭവങ്ങളിലൂടെയും കളികളിലൂടെയും പലതരം വഴികൾ പരിശ്രമിച്ചു നോക്കുന്നതിലൂടെയും പലതരം പ്രവർത്തനങ്ങൾ ചെയ്യുന്നതിലൂടെയുമാണ് പഠിക്കുന്നത്. പ്രൈമറി തലത്തിലുള്ള കുട്ടികളുടെ പഠനം സമഗ്രമായ രൂപത്തിലാണ്. അല്ലാതെ അറിവിനെ ഖണ്ഡങ്ങളായോ, വിഷയങ്ങളായോ വിഭജിക്കുമ്പോഴല്ല. അതിനാൽ പഠനത്തോട് ഉദ്ഗ്രഥിതമായ സമീപനമാണ് ലക്ഷ്യം വയ്ക്കുന്നത്. ഭാഷയും ഗണിതവും പരിസരപഠനവും എല്ലാം ഉൾച്ചേർന്ന പഠനാന്തരീക്ഷം ക്ലാസ് മുറികളിൽ ഒരുക്കാൻ ആഗ്രഹിക്കുന്നു. ഇത്തരത്തിൽ മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പിന്തുണ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും വിവിധ സംഘടനകൾ, ജനപ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും തേടാനുള്ള രീതിയിൽ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്നു.

# ചരിത്രം

1876 ൽ അരണാട്ടുകര പള്ളിസ്ഥാപിച്ചപ്പോൾ പള്ളിക്കൂടം തുടങ്ങുവാൻ അധികം താമസമുണ്ടായിരുന്നില്ല. അരണാട്ടുകരയിലെ വലിയങ്ങാടിയുടെ മധ്യത്തിലും പടിഞ്ഞാറെ അങ്ങാടിയുടെ മധ്യത്തിലും പടിഞ്ഞാറെ അങ്ങാടിയുടെ തെക്കുഭാഗത്തായി പണ്ട് സ്ഥിതി ചെയ്തിരുന്ന രണ്ട് സമൂഹം വക എഴുത്തുപള്ളികളായിരുന്നു, ഇന്നാട്ടിലെ ആദ്യമ വിദ്യാലയങ്ങൾ. ഇവയിൽ പഠിപ്പിച്ചിരുന്നത് പണിക്കരാശാന്മാരായിരുന്നു.

1866 ൽ ആണ് ഇംഗ്ലീഷ് വിദ്യാഭ്യാസം വലിയങ്ങാടി സമൂഹം എഴുത്തുപള്ളിയിൽ ആദ്യമായി ആരംഭിച്ചത്. പ്രധാനധനമാർഗ്ഗം ഇടവകക്കാരിൽ നിന്നും മാസം തോറും പിരിച്ചു പോന്നിരുന്ന സ്കൂൾ ഫീസായിരുന്നു. 1890 മുതൽ അന്നത്തെ ദിവാൻജി സുബ്രഹ്മണ്യൻപിള്ള എഴുത്തു പള്ളിക്ക് 3 രൂപ മാസം തോളും ഗ്രാന്റ് അനുവദിച്ചു. അതോടു കൂടി അതൊരു പബ്ലിക്ക് സ്കൂളായി പരിണമിച്ചു. അങ്ങനെ അക്രൈസ്തവർക്കു കൂടി പ്രവേശനം ലഭിക്കുകയും ചെയ്തു.

1882 ലെ മസൂരി കാലത്ത് പ്രസ്തുത എഴുത്തുപള്ളി ഇന്നത്തെ എൽ.പി.സ്കൂളിന്റെ വടക്കുഭാഗത്തുണ്ടായിരുന്ന ഊട്ടുപുരയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. അന്ന് ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചാണ് പഠിച്ചിരുന്നത്. പിന്നീട് 1901 ൽ പെൺകുട്ടികൾക്കായി ഇന്നത്തെ അരണാട്ടുകര കുറീസ് കെട്ടിടത്തിൽ ഒരു സ്കൂൾ തുടങ്ങുകയും പിന്നീട് ഈ സ്കൂൾ ഗേൾസ് സ്കൂൾ വടക്കോട്ട് മാറ്റി സ്ഥാപിക്കുകയും ചെയ്തു. അത് ഇന്ന് ഗവ. യു.പി. സ്കൂളായി തീർന്നിരിക്കുന്നു.

1905 ൽസ്കൂൾ ഊട്ടുപുര പൊളിച്ചു മാറ്റി. പ്രസ്തുത സ്ഥാനത്ത് തരകൻസ് എൽ.പി.സ്കൂൾ സ്ഥാപിച്ചു. ഇതിനുവേണ്ടി വളരെയധികം പ്രയത്നിച്ച

വ്യക്തിയാണ് ശ്രീ.ചിറമ്മൽ അന്തോണി തരകൻ. 1907 ൽ ഉദ്ഘാടനം നടത്തിയ ശ്രീ. ജോൺ മേച്ചേരി മെത്രാനച്ചന്റെ സ്മരണക്കായി സെന്റ് ജോൺസ് സ്കൂൾ എന്നാണ് നാമകരണം നടത്തിയത്. പഠിക്കാൻ ഫീസ് വേണമെന്ന നിയമം വന്നപ്പോൾ പ്രസ്തുത സ്കൂൾ ആൺകുട്ടികൾക്കുള്ള വെറുമൊരു മലയാള സ്കൂളായി മാറി.

1922-ൽ വിഭ്യാഭ്യാസ ഡയറക്ടറായിരുന്നത് റാവുസാഹിബ് ശ്രീ. മത്തായിയായിരുന്നു. അരണാട്ടുകര സ്കൂളിന്റെ കാര്യത്തിൽ അദ്ദേഹം താൽപര്യം കാണിച്ചിരുന്നു. അതുകൊണ്ട് ആ വർഷം മെയ് മാസത്തിൽ സ്കൂളിലെ 1, 2, 3 ക്ലാസ്സുകളിൽ നിന്ന് ഫീസ് ഈടാക്കിയിരുന്നു.

1930- ൽ ശ്രീ.തരകൻ സ്കൂൾ ഭരണം പള്ളിയെ ഏൽപിച്ചു. മലയാളം 4-ാം ക്ലാസ്സിൽ നിന്നും ജയിക്കുന്ന കുട്ടിയെ നാലര ക്ലാസ്സ് എന്നറിയപ്പെട്ടിരുന്ന പ്രിപ്പറേട്ടറി ക്ലാസ്സിലാണ് ചേർത്തിരുന്നത്.

ഒന്നാം ക്ലാസ്സു മുതൽ ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചായിരുന്നു അധ്യായനം. 1947 - 48 കാലഘട്ടത്തിൽ ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളെ ഹോളിഫാമിലി കന്യാസ്ത്രീകൾക്ക് ഏൽപിച്ചു കൊടുത്തു. അങ്ങനെ 1950-51 ൽ ഇൻഫന്റ് ജീസസ് ഗേൾസ വേർതിരിച്ചു.

സെന്റ് ജോൺസ് മലയാളം പ്രൈമറി സ്കൂളിൽ ഏകദേശം 35വർഷത്തോളം ഹെഡ്മാസ്റ്റർ പദവി അലങ്കരിച്ചത് ശ്രീ.ചുങ്കത്ത് റപ്പായി ദേവസ്സി മാസ്റ്ററായിരുന്നു. അദ്ദേഹം 1949-ൽ റിട്ടയർ ചെയ്തു. 1955-ൽ ഗവൺമെന്റിന്റെ കൽപനയനുസരിച്ച് സെന്റ് ജോൺസ് സ്കൂൾ തരകൻസ് സ്കൂളിൽ ലയിപ്പിച്ചു. ഭാരതത്തിന്റെ സ്വാതന്ത്ര്യാനന്തരം ഇംഗ്ലീഷ്-മലയാളം സ്കൂൾ വ്യത്യാസങ്ങളൊക്കെ അവസാനിപ്പിച്ചു. അങ്ങനെ 1 മുതൽ 10 വരെ തരകൻസ് സ്കൂൾ മാത്രം നിലനിന്നു.

1961-ൽ ഗവൺമെന്റ് കൽപനയനുസരിച്ച് തരകൻസ് ഹൈസ്കൂളിൽ

നിന്നും എൽ.പി.വിഭാഗം വേർതിരിച്ചു. പുതിയ എൽ.പി.സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സായി ശ്രീമതി.കെ.പി.റോസക്കുട്ടി ടീച്ചർ ചാർജ്ജെടുത്തു.

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വീടുകളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളാണ് ഞങ്ങളുടേത്. കുട്ടികളുടെ അക്കാദമികവും അക്കാദമികേതരവുമായ അഭിവൃദ്ധി ലക്ഷ്യമിട്ട് പ്രവർത്തിക്കുകയും അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി അവരെ ഉയർത്തികൊണ്ടു വരാനുതകുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിൽ വരുത്തുന്നു. വൈവിധ്യമാർന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കുട്ടികൾക്ക് പഠനം നടത്തുവാൻ അവസരം നൽകുന്നു. പഠനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പിന്തുണ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും വിവിധ സംഘടകൾ, ജനപ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും തേടാനുള്ള രീതിയിൽ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്നു.

# തരകൻസ് എൽ.പി.സ്കൂളിന്റെ നേട്ടങ്ങൾ

- പരിസ്ഥിതി സൗഹൃദ വിദ്യാലയം
- കൃഷി പൂന്തോട്ട സൗകര്യങ്ങൾ
- രക്ഷാകർത്താക്കളുടെ സഹകരണം, മികച്ച രക്ഷാകർത്തൃ സ്മൃതി
- നല്ല സ്കൂൾ ഗ്രൗണ്ട്,വിശാലമായ സ്കൂൾ മുറ്റം
- ഔഷധ സസ്യത്തോട്ടം, ജൈവവൈവിധ്യ ഉദ്യാനം
- യാത്രാസൗകര്യമുള്ള റോഡുകളുടെ സാമീപ്യം
- കമ്പ്യൂട്ടർ സംവിധാനം
- ഔഷധ സസ്യത്തോട്ടം, ജൈവവൈവിധ്യപാർക്ക്

# വിദ്യാലയത്തിന്റെ പരിമിതികൾ

- സ്പെഷലിസ്റ്റ് അധ്യാപകരുടെ അഭാവം
- നഗരപ്രദേശമായതിനാൽ മലയാളമീഡിയം വിദ്യാലയത്തോടുള്ള താൽപര്യകുറവ്
- Sports Items ന്റെ അപര്യാപ്തത
- കളിസ്ഥലത്തിന്റെ അപര്യാപ്തത

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

**ഗണിതം-മധുരം**

ഗണിതശാസ്ത്രം മിക്ക കുട്ടികൾക്കും വിഷമം പിടിച്ച ഒരു വിഷയമാണ്. ഗണിതപഠനത്തിന്റെ വിരസതയും വൈഷമ്യവും ഒരു പരിധിവരെയെങ്കിലും മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആസൂത്രണം ചെയ്യുന്നത്. ഗണിതത്തെ കണ്ട് കേട്ട് സ്പർശിച്ച് അനുഭവിച്ചറിഞ്ഞ് പഠിക്കാനുള്ള സാഹചര്യമുണ്ടാക്കുന്നു. കുട്ടികൾക്ക് പരിചിതമായ ചുറ്റുപാ

ടുകളെയും പഠനപ്രവർത്തനങ്ങളെയും ബന്ധിപ്പിക്കുന്നു. അത് കുട്ടികളെ ആകർഷിക്കുന്നു.

**ലക്ഷ്യം**

ഒരു ഗണിതലാബ് സജ്ജമാക്കാൻ ആഗ്രഹിക്കുന്നു. മേൽവിവരിച്ച ആശയങ്ങളുടെ സാക്ഷാൽക്കാരം. അഭ്യുദയകാംക്ഷികളുടെ സഹകരണത്തോടെ ഗണിതലാബ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

# K.G.ക്ലാസ്സ് -സജ്ജീകരണം

കുട്ടികൾക്ക് കളിക്കാൻ പാർക്ക് ഒരുക്കുന്നു. കളിക്കാനുള്ള ഉപകരണങ്ങൾ പാർക്കിൽ സജ്ജീകരിക്കുന്നു. തണൽ മരങ്ങൾ, ഇലച്ചെടികൾ, പൂച്ചെടികൾ എന്നിവ നട്ട് മനോഹരമാക്കുന്നു. ഇരിക്കാൻ ഇരിപ്പിടങ്ങൾ കുടിവെള്ള സൗകര്യം എന്നിവ സജ്ജീകരിക്കുന്നു. ക്ലാസ്സ് മുറിയിലും കളിക്കോപ്പുകൾ, ബിൽഡിംഗ് ബ്ലോക്ക്സ് ഒരുക്കുന്നു.

**ലക്ഷ്യം**

- കുട്ടികളിൽ കളികളിലൂടെ പഠിക്കാനുള്ള താൽപര്യം വളർത്തുന്നു.
- യുക്തിചിന്ത വർദ്ധിക്കുന്നു
- കായികശേഷി വികസിക്കുന്നു
- കുട്ടികളിൽ ആത്മവിശ്വാസം, ഉത്സാഹം, ഉന്മേഷം, ധൈര്യം കൈവരുത്തുന്നു.

**സാമ്പത്തികം**

- പൂർവ്വ വിദ്യാർത്ഥികൾ
- പി.ടി.എ
- ജനപ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

**മേഖല**

- അക്കാദമികം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളുടെ യുക്ക്തി ചിന്ത പഠനത്തിൽ താല്പര്യം ഉത്സാഹം ഉന്മേഷം വളർത്തുക | കുട്ടികളുടെ പാർക്ക്, കളിക്കോപ്പുകൾ Building Blocks | 2 വർഷം | അധ്യാപകർ പി.ടി.എ. ഒ.എസ്.എ. | 2,00,000 |

# പദ്ധതി വിശദാംശങ്ങൾ

**മേഖല: അക്കാദമികം** **ഉപമേഖല: ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനത്തിന്റെ വിരസതയും വൈഷമ്യവും മാറ്റിയെടുക്കുക, മൂർത്തഭാവത്തെ മാറ്റി ലളിതമാക്കാൻ പ്രശ്നപരിഹാര ത്തിന്റെ വിവിധ രീതികൾ വിശദീകരിക്കുക ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | പഠനനില കണ്ടെത്തൽ (Pre test) | ജൂൺ ആദ്യവാരം | ക്ലാസ്സ് ടീച്ചേഴ്സ് | |
| | പ്രവർത്തന പാക്കേജ | ആഗസ്റ്റ് ആദ്യവാരം | ക്ലാസ്സ് ടീച്ചേഴ്സ് | |
| | ഗണിതം (ഓർമ്മ ശക്തി മെച്ചപ്പെടുത്തൽ) പസ്സിൽ, ക്വിസ് | ആഗസ്റ്റ് മാർച്ച് | സ്നേഹ ടീച്ചർ | 500 |
| | ഗണിത ലാബ് | 1 വർഷം | ബെന്നി മാസ്റ്റർ | 5000 |
| | ഗണിത മേള | ജനുവരി | റൂബി ടീച്ചർ | 1000 |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ (പഠനോപകരണ ങ്ങൾ ഉപയോഗിച്ച്) | ആഴ്ചയിൽ 1 Period | | | |

| ലക്ഷ്യം | അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|---|
| വിദ്യാർത്ഥികളുടെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | വിദ്യാർത്ഥികളുടെ സർഗ്ഗാത്മക വികാസത്തിനായി രചനാ ക്ലാസുകൾ സാഹിത്യ ചർച്ച, Team നെ നിയമ്മിച്ച് സാഹിത്യകാരന്മാരുമായി സംവദിക്കൽ, കുട്ടി എഴുത്തുകാരെ പ്രോത്സാഹിപ്പിക്കൽ | സർഗ്ഗചുമർ നിർമ്മാണം<br><br>കഥയരങ്ങ്<br>കവിയരങ്ങ്<br>രചനകളുടെ പ്രസിദ്ധീകരണം | വായനശാല, സന്നദ്ധസംഘടനകൾ എന്നിവയെ ഉൾച്ചേർത്തു കൊണ്ട് പ്രവർത്തനങ്ങൾ |
| പിന്നോക്ക ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി വിദ്യാലയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | റിസോഴ്സ് അധ്യാപകരുടെ സഹായം പ്രവർത്തന പാക്കേജ് (ദിവസേന ഒരു മണിക്കൂർ പരിഹാര പ്രവർത്തനം RT) | ഭിന്നശേഷിക്കാർക്ക് ഉള്ള ഉപകരണങ്ങൾ | URC യുമായി കൂടിചേർന്ന് SSA ഫണ്ട് ഉപയോഗപ്പെടുത്തൽ കോർപ്പറേഷൻ ധനസഹായം |
| ആരോഗ്യപരിരക്ഷ നടപ്പാക്കിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുക | ഉച്ചഭക്ഷണം പോഷക സമൃദ്ധമാക്കുക മെഡിക്കൽ ചെക്കപ്പുകൾ , കുത്തിവെപ്പുകൾ, വിരഗുളികകൾ, ഡ്രൈ ഡേ, ശുചീകരണ പ്രവർത്തനങ്ങൾ | അടുക്കള നവീകരണം, സ്റ്റോർ മുറി ആധുനിക സൗകര്യമുള്ളതാക്കുക, പൈപ്പ് കണക്ഷൻ കൂടുതൽ സൗകര്യത്തിലാക്കുക, | MPTA പച്ചക്കറികൾ വികസന പ്രവർത്തനങ്ങൾ |
| പ്ലാസ്റ്റിക് ലഹരി വിമുക്ത വിദ്യാലയം യാഥാർത്ഥമാക്കുക | ലഹരിക്കെതിരെയുള്ള മനോഭാവം വളർത്തുക നാടകങ്ങൾ ഹ്രസ്യ ചിന്തകൾ | ലഘുലേഖകൾ, പ്ലകാർഡുകൾ ജനകീയറാലികൾ | ജാഗ്രത സമിതികൾ രൂപീകരിക്കുക, മദ്യം മയക്കുമരുന്ന് ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തിക്കുക |

# വിദ്യാലയത്തിന്റെ വികസന സാധ്യതകൾ

## അക്കാദമിക, ഭൗതിക, സാമൂഹികതലങ്ങളിൽ

| ലക്ഷ്യം | അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|---|
| ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക | ഭൗതിക സാഹചര്യം ആകർഷകമാക്കിയാൽ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. ശാരീരിക പരിമിതികൾ ഉള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന | ചുമരുകൾ, പെയിന്റ് ചെയ്യുക, പൂന്തോട്ടം വച്ചു പിടിക്കൽ<br><br>വീൽചെയർ കൈവരികൾ<br><br>മുറ്റം ടൈൽ പാകി ആകർഷകമാക്കുക | SSG, PTA എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, വ്യാപാര വ്യവസായ സംഘടനകൾ |
| ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുന്നതിന് പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക | കലാകായിക പ്രവർത്തി വിദ്യാഭ്യസത്തിന് അനുഗുണമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ<br><br>വിദ്യാർത്ഥികളിൽ കായിത ക്ഷമത വർദ്ധിപ്പിക്കുക | കളിസ്ഥലം, കായിക പരിശീലന ക്യാമ്പുകൾ, ഫുട്ബോൾ കോർട്ട്, ഷട്ടിൽ കോർട്ട്, അത്‌ലറ്റിക്സ് എന്നിവയ്ക്കാവശ്യമായ സ്ഥലമൊരുക്കൽ കളിയുപകരണങ്ങൾ വാങ്ങൽ | കായികരംഗത്തെ പ്രശസ്തരായ വ്യക്തികളെ സ്കൂൾ പ്രവർത്തനങ്ങളുമായി കൂട്ടിച്ചേർക്കൽ,<br><br>ജനപ്രതിനിധികൾ, സ്പോർട്സ് കൗൺസിൽ |

# പരിസ്ഥിതിയിലേയ്ക്ക് ഒരെത്തിനോട്ടം

ചിത്രശലഭങ്ങളെ ആകർഷിക്കുന്ന പൂക്കൾ നിറഞ്ഞുനിൽക്കുന്ന സസ്യങ്ങളായ റോസ്, ചെമ്പരത്തി, മുല്ല, പത്തുമണി ..... എന്നിവയുള്ള പൂന്തോട്ടം

- ജൈവവളം ഉപയോഗിച്ച് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്ന പച്ചക്കറിത്തോട്ടം
- ആകർഷകമായ ഔഷധത്തോട്ടം

**ലക്ഷ്യം**

- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഓരോ കുട്ടിയും പങ്കാളിയാവുക.
- ഔഷധ സസ്യങ്ങളുടെ പ്രയോജനങ്ങൾ അറിയുക
- പ്രകൃതിയെ സ്വയം പഠിക്കുക
- പച്ചക്കറികൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തൽ
- പരിസ്ഥിതി സൗഹൃദാന്തരീക്ഷം

# ഓർമ്മശക്തി നഷ്ടപ്പെടുന്നുവോ

മറവിയാണ് കുട്ടികളെ അലട്ടുന്ന പ്രധാന പ്രശ്നം. പഠനം 4 ഘട്ടങ്ങളിലായി നടക്കുന്നു. Intake, Processing, Storing, Retrieval. ഈ നാല് ഘട്ടങ്ങളിൽ ഒന്ന് പിഴച്ചാൽ അത് നമ്മുടെ ഓർമ്മയെ ബാധിക്കും. ആവർത്തനം, പഠിക്കുന്ന രീതി, ശൈലി എന്നിങ്ങനെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

**ലക്ഷ്യം**

- പരിശീലനം നൽകുക
- വിലയിരുത്തലുകൾ
- മെമ്മറി ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓർമ്മ | ഘട്ടങ്ങൾ<br>intake<br>processing<br>storing<br>retrieval<br>മെച്ചപ്പെടുത്താൻ<br>പരിശീലനം | മാസത്തിൽ<br>ഒന്ന് വീതം | Sneha<br>Teacher | 1500 |

# Star of the day

ഒരു ദിവസം ഒരു കുട്ടി തയ്യാറായി വന്നിട്ടുള്ള വിവിധ പരിപാടികൾ രാവിലം അസംബ്ലിയിലും ഉച്ചയ്ക്ക് ഇന്റർവെൽ സമയത്തും അവതരിപ്പിച്ച് അന്നേ ദിവസത്തെ സ്റ്റാറായി മെഡൽ നൽകുന്ന പരിപാടിയാണ്. എല്ലാ കുട്ടികൾക്കും പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നു.

**ലക്ഷ്യം**

- കുട്ടികളിൽ നേതൃത്വഗുണം വളർത്തുന്നു
- ആത്മവിശ്വാസം വളർത്തുന്നു
- കുട്ടികൾക്ക് പഠിക്കാനുള്ള കഴിവ് വികസിപ്പിക്കുന്നു
- കഴിവുകൾ കണ്ടെത്താനുള്ള അവസരം ലഭിക്കുന്നു.

# ഉപസംഹാരം

സത്യമെന്ന ശാശ്വതമൂല്യത്തിന്റെ മൂന്ന് ആവിഷ്ക്കാരമണ്ഡലങ്ങളായ മാനവശേഷിക്കും മാനവികതയ്ക്കും ദൈവികതയ്ക്കും ഊന്നൽ കൊടുത്തുകൊണ്ട് ഗ്രഹണശക്തി, ധാരണശക്തി, മനനശക്തി എന്നീ ശക്തികളാൽ വിദ്യാർത്ഥികളിൽ ശാരീരികവും മാനസികവും ബൗദ്ധികവും ആദ്ധ്യാത്മികവുമായ സിദ്ധികളെ പുറത്തുകൊണ്ടുവരാനുള്ള പരിശ്രമമാണ് തരകൻസ് എൽ.പി.സ്കൂൾ വിശകലനം ചെയ്യുന്നത്.

“കാലോചിതവും കാലാതീതവുമായ സത്യങ്ങളെ ലോകസമക്ഷം നിരത്തിവച്ച സത്യദർശികളായ ജ്ഞാനികൾക്ക് അനന്തകോടി പ്രണാമങ്ങൾ അർപ്പിച്ചു കൊണ്ട്”

**തരകൻസ് എൽ.പി.സ്കൂൾ**
**വിദ്യാലയ വികസന സമിതി**